# പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2884      13.07.2015-ന് മറുപടി നൽകേണ്ടത്

## <u>നിയമനങ്ങൾ പി.എസ്.സി. വഴി</u>

**ചോദ്യം**      **ഉത്തരം**

ശ്രീ. എ.കെ.ബാലൻ      ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി. ക്ക് വിട്ടിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | | <u>(എ) യും (ബി) യും</u><br>വിവരം ശേഖരിച്ചുവരുന്നു |
| (ബി) | ഈ സ്ഥാപനങ്ങളിൽ നിന്നും ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം തസ്തികകളിൽ എത്ര ഒഴിവുകൾ വീതം റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; | | |
| (സി) | ഈ സർക്കാരിന്റെ കാലയളവിൽ ഏതെല്ലാം സ്ഥാപനങ്ങളിലെ നിയമനങ്ങൾക്കായി പ്രത്യേക റിക്രൂട്ട്മെന്റ് ബോർഡുകൾ രൂപീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ ; | | <u>(സി) യും (ഡി) യും</u><br>തിരുവിതാംകൂർ, കൊച്ചിൻ, മലബാർ ദേവസ്വം ബോർഡുകളിലേയ്ക്കും ഗുരുവായൂർ, കൂടൽമാണിക്യം ദേവസ്വങ്ങളിലേയ്ക്കുമുള്ള പാരമ്പര്യ തസ്തികകൾ ഒഴികെയുള്ള നിയമനങ്ങൾക്കായി ഒരു ഏകീകൃത ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾക്കായി ഗവൺമെന്റ് സെക്രട്ടറിയുടെ റാങ്കിൽ കുറയാത്ത ഒരാളെ ചെയർ പേഴ്സണായും ഒരു വനിതയും ഒരു എസ്.സി/എസ്.റ്റി. അംഗവും ഉൾപ്പെടെ മൊത്തം നാല് അംഗങ്ങൾ മെമ്പർമാരായും ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ അഡീഷണൽ സെക്രട്ടറി റാങ്കിൽ കുറയാത്ത ഒരാളെ ബോർഡ് സെക്രട്ടറിയായും ധനകാര്യ വകുപ്പിലെ ജോയിന്റ് സെക്രട്ടറി റാങ്കിൽ കുറയാത്ത ഒരാളെ ഫിനാൻസ് എക്സ്പർട്ട് ആയും നിയമവകുപ്പിലെ ജോയിന്റ് സെക്രട്ടറി റാങ്കിൽ കുറയാത്ത ഒരാളെ ലോ എക്സ്പർട്ട് ആയും ഉൾപ്പെടുത്തിയാണ് ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ പ്രവർത്തനം ക്രമീകരിച്ചിരിക്കുന്നത്. കൂടാതെ ബോർഡിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കായി മറ്റു സർക്കാർ വകുപ്പുകളിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ജി.ഒ. (പി) നം.104/2015/ആർഡി തീയതി 13.03.2015 പ്രകാരം ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ഡി) | ഏതെല്ലാം റിക്രൂട്ട്മെന്റ് ബോർഡുകൾ പ്രവർത്തനം ആരംഭിച്ചു ; പ്രസ്തുത ബോർഡുകളിലെ അംഗങ്ങൾ, ഉദ്യോഗസ്ഥ സംവിധാനം, നിയമന രീതികൾ തുടങ്ങിയവ വ്യക്തമാക്കുമോ ; | | |
| (ഇ) | ഈ ബോർഡുകളിലേക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം തസ്തികകളിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ ? | (ഇ) | ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡുകളിലേക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിലേക്കായി തിരുവിതാംകൂർ, കൊച്ചി, മലബാർ ദേവസ്വം ബോർഡുകളിലേക്കും കൂടൽമാണിക്യം, ഗുരുവായൂർ ദേവസ്വങ്ങളിലേക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളുടെ എണ്ണം സർക്കാരിൽ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ